# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6008

## 02-04-2018 ൽ മറുപടിക്ക്

## ന്യൂ ജനറേഷൻ ബാങ്കുകളിൽ കിഫ്ബി ഫണ്ട് നിക്ഷേപം

| ചോദ്യം<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. വി.ടി. ബൽറാം | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2018 ജനുവരി 29 ന് കിഫ്ബിയുടെ ഫണ്ട് ഏതെങ്കിലും ന്യൂ ജനറേഷൻ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപ വീതം ഏതൊക്കെ ബാങ്കുകളിൽ എന്ന് വ്യക്തമാക്കാമോ; | 2018 ജനുവരി 29 നുള്ള കിഫ്ബിയുടെ ബാങ്ക് നിക്ഷേപത്തിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) പ്രസ്തുത നിക്ഷേപങ്ങൾക്ക് ഓരോന്നിനും ലഭിക്കുന്ന പലിശ നിരക്ക് എത്രയാണ്; | |
| (സി) വിവിധ പലിശ നിരക്കുകളിൽ ഒരേ ദിവസം വിവിധ ബാങ്കുകളിൽ സ്ഥിര നിക്ഷേപം നടത്തുവാനുണ്ടായ സാഹചര്യമെന്താണ്; | കിഫ്ബി ആക്ടിലെ വ്യവസ്ഥയ്ക്ക് അനുസൃതമായും സെബി അംഗീകൃത ക്രഡിറ്റ് റേറ്റിംഗ് ഏജൻസികൾ നൽകുന്ന ഉയർന്ന റേറ്റിംഗിന്റെ അടിസ്ഥാനത്തിലുമാണ് വിവിധ ബാങ്കുകളിൽ നിക്ഷേപം നടത്തുന്നത്. എങ്കിലും ഒരേ ബാങ്കിൽ ഒരേ സമയം കൂടുതൽ തുകകൾ നിക്ഷേപിക്കുന്നതു മൂലം ഉണ്ടാകാവുന്ന സുരക്ഷിതത്വമില്ലായ്മ ഒഴിവാക്കാനാണ് തുക വിവിധ ബാങ്കുകളിലായി നിക്ഷേപിക്കുന്നത്. ഏതൊക്കെ ബാങ്കുകളിൽ നിക്ഷേപിക്കണമെന്നത് ഒരു സുതാര്യ നടപടിക്രമം പാലിച്ചാണ് തീരുമാനിക്കുന്നത്. പലിശ നിരക്കും സുരക്ഷിതത്വവും പരിഗണിച്ചാണ് തീരുമാനം കൈക്കൊള്ളുന്നത്. ഈ കാരണത്താൽ നഷ്ടമുണ്ടായിട്ടില്ല. |
| (ഡി) പലിശ നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ അതുമൂലം കിഫ്ബിക്കുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

## FD Opened on 29.01.2018

| Date of Issue | Bank | Deposit Amount | Maturity Date | Maturity Amount | Rate |
|---|---|---|---|---|---|
| 29-01-2018 | IndusInd Bank | 1,08,18,08,932.00 | 30-04-2018 | 1,10,11,24,005.35 | 7.16 |
| 29-01-2018 | Yes Bank | 1,50,00,00,000.00 | 30-04-2018 | 1,52,76,73,972.60 | 7.4 |
| **Total** | | **2,58,18,08,932.00** | | | |